നിയമസഭാനടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 മാർച്ച് 2, വെള്ളി

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 1979 മാർച്ച് 2-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

വിത്തുകാളകൾ ഇല്ലാത്ത മൃഗാശുപത്രി †

*226 [241] ശ്രീ. വി.കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗാശുപത്രികളിൽ പലയിടത്തും വിത്തുകാളകൾ ഇല്ലാത്ത വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ വിത്തുകാളകൾ ഇല്ലാത്ത ആശുപത്രികളിൽ അവ നൽകുവാൻ വല്ല പ്രത്യേക നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തു നടപടി?

† Put by Shri P. K. Sreenivasan.

കൃഷിവകുപ്പ് മന്ത്രി (ശ്രീ. എ. എൽ.ജേക്കബ്):

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി.കെ. രാജൻ: നമ്മുടെ സംസ്ഥാനത്ത് കൃഷിവകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര വിത്തുകാളകളുണ്ടെന്നുപറയുവാൻ ദയവുണ്ടാകുമോ;

ശ്രീ. എ. എൽ. ജേക്കബ്: ഏകദേശം തൊണ്ണൂറോളം വിത്തുകാളകൾ കാണും.

ശ്രീ. വി. കെ. രാജൻ: വിത്തുകാളകളും മൃഗാശുപത്രികളും ഇല്ലാത്ത പഞ്ചായത്തുകളിൽ അതിനുവേണ്ട സൗകര്യം ഉണ്ടാക്കികൊടുക്കുവാൻ തയ്യാറാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: എല്ലാ പഞ്ചായത്തുകളിലും ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ നടത്താനുള്ള ഏർപ്പാട് ചെയ്തിട്ടുള്ളതുകൊണ്ട് അങ്ങനെയൊരു ഡിസ്പെൻസറി ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: നമ്മുടെ സംസ്ഥാനത്തിന്റെ നാനാഭാഗത്തും ഓച്ചിറക്കാളകളെ കൊണ്ടുനടന്ന് വിത്തുകാളകളായി ഉപയോഗിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: ഓച്ചിറ കാളകളെപ്പറ്റി എനിക്ക് വലിയ അറിവില്ല. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ഒന്നു വിശദീകരിച്ചാൽ കൊള്ളാം.

ശ്രീ. ആർ.എസ്. ഉണ്ണി: വഴിപാടായി കിട്ടുന്ന കിടാങ്ങളെ വളർത്തി പണ്ഭാരങ്ങം നമ്മുടെ നാട്ടിൽ അതിനെ വിത്തു കാളകളായി കൊണ്ടു നടക്കാറുണ്ട്. ആ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: ബഹുമാനപ്പെട്ട മെമ്പർ ഈ വിവരങ്ങളെല്ലാം, ശേഖരിച്ചുകൊണ്ട് ഗവൺമെന്റിന് ഒരു നിവേദനം സമർപ്പിക്കുകയാണെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കാം.

ശ്രീ. എൻ. ഭാസ്കരൻ നായർ: ഓച്ചിറ കാളകളെ വിത്തുകാളകളായി ഉപയോഗിക്കുകയല്ല, നേരേമറിച്ച് അതിനെ ഉപയോഗിച്ച് പണപ്പിരിവ് നടത്തുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: അതിനെക്കുറിച്ച് എനിക്ക് വലിയ അറിവില്ല.

ശ്രീ. ടി. എം. ജേക്കബ്: വിത്തുകാളകൾക്ക് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം ആണ്. എത്ര വയസ്സുള്ള കാളകളെ ആണ് വിത്തുകാളകളായി ഉപയോഗിക്കുന്നത് എന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: പത്ത് പതിനഞ്ച് വയസ്സുവരെ പ്രായമുള്ള കാളകളെ വിത്തുകാളകളായി ഉപയോഗിക്കാം.

ശ്രീ. സേവ്യർ അറയ്ക്കൽ: നമ്മുടെ സംസ്ഥാനത്ത് ഇനി വിത്തുകാളകളുടെ ആവശ്യമില്ലായെന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ ഇപ്പോഴുള്ള വിത്തുകാളകളെ എന്തുചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

മി. സ്പീക്കർ: എല്ലാ പഞ്ചായത്തുകളിലും വേണ്ടായെന്നേ പറഞ്ഞുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൽ. ജേക്കബ്: വിത്തുകാളകളെ നിറുത്തിയിരിക്കുന്നത് അതിൽനിന്നും സെമൻ എടുത്ത് ഇൻസെമിനേറ്റ് ചെയ്യാനാണ്.

ശ്രീ. സി.എ. കുര്യൻ: വിത്തുകാളകളെ കൊടുക്കുവാനുദ്ദേശമില്ലായെന്നു പറഞ്ഞു. നല്ല മൂരിക്കുട്ടൻമാരെ വിരട്ടിയോടിച്ച് അതിന്റെ വരി ഉടയ്ക്കുന്നതിനുള്ള ശ്രമം ഹൈറേഞ്ച് ഭാഗങ്ങളിൽ നടക്കുന്നുണ്ടെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: ഇങ്ങനെയൊരു വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ശ്രദ്ധയിൽ പെട്ടുകഴിഞ്ഞാൽ വേണ്ട നടപടി സ്വീകരിക്കാം.

കൊക്കോ തൈകളുടെ വിതരണം

*226എ [242] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977-ൽ സംസ്ഥാനത്ത് എത്ര കൊക്കോ തൈകൾ വിതരണം ചെയ്തിട്ടുണ്ട്;

(ബി) കൊക്കോ ഉൽപാദനം 1976-നെക്കാൾ 1977-ൽ എത്ര കണ്ട് വർദ്ധിച്ചിട്ടുണ്ട്;

(സി) കൊക്കോ ഉപയോഗിച്ച് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

കൃഷിവകുപ്പ് മന്ത്രി (ശ്രീ. എ.എൽ. ജേക്കബ്:)

(എ) 3,88,249.

(ബി) കൊക്കോ കൃഷി വ്യാപകമായ തോതിൽ സംസ്ഥാനത്ത് ആരംഭിച്ചത് 1973.74 മുതൽക്കാണ്. 1976.77 ആയപ്പോഴേയ്ക്കും 2970 ഹെക്ടർ സ്ഥലത്ത് വ്യാപിപ്പിക്കുകയുണ്ടായി. കൊക്കോ പൂർണ്ണമായും കായ്ഫലം തരുന്നതിന് അഞ്ചാറുവർഷമെങ്കിലും വേണമെന്നുള്ളതുകൊണ്ട് ഉൽപ്പാദനം 1976 നേക്കാൾ 1977-ൽ കാര്യമായി വർദ്ധിച്ചിട്ടില്ല. അടുത്ത സാമ്പത്തികവർഷം മുതൽ പ്രതിവർഷം ശരാശരി 1600 ടൺ കൊക്കോക്കുരു ഉൽപ്പാദിപ്പിക്കപ്പെടുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് 1600 ടൺ കൊക്കോ ഉൽപ്പാദിപ്പിക്കുവാൻ കഴിയും എന്നാണ്. അങ്ങനെയാണെങ്കിൽ ഇത് അടുത്തവർഷം മുതൽ ആരംഭിക്കുവാനും ഗുണം ലഭിക്കുവാനും പോവുകയാണ്. വ്യാപകമായ രീതിയിൽ കൃഷിക്കാർ കൃഷിയിറക്കിയിട്ടുണ്ട്. അവരുടെ ആശങ്ക വളരെയധികമാണ്. കൊക്കോ കൊണ്ട് എന്തെല്ലാം വ്യവസായങ്ങൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഇതുകൊണ്ടുള്ള വ്യവസായം ഏത് കാലത്ത് ആരംഭിക്കുമെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: കൊക്കോയുടെ പ്രൊഡക്ഷൻ കൂടുതലാകുമ്പോൾ ഒരു പ്രോസസ്സിംഗ് പ്ലാൻറ് തുടങ്ങണമെന്ന ഉദ്ദേശം ഉണ്ട്. കാഡ്ബറീസും, Nestles എല്ലാം വിലകുറച്ച് ഈ സാധനം വാങ്ങുന്നതിന് ശ്രമിക്കുന്നതുകൊണ്ട്, ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ കൂടാതെ സ്വന്തമായി വേറെയാരെങ്കിലും ഇതിന്റെ ബിസിനസ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഗവൺമെന്റ് അതിനുവേണ്ട സഹായം നൽകുന്നതാണ്.

ശ്രീ. ടി. എം. ജേക്കബ്: കൊക്കോ പ്രത്യേകമായി വാങ്ങി സംഭരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഗവൺമെന്റിനു ഉദ്ദേശമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly.